പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2728 **28-10-2026-ൽ മറുപടിയ്ക്ക്**

തൃശ്ശൂർ നിയോജക മണ്ഡലത്തിലെ പരുവാശ്ശേരി വലുകുളം നവീകരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. പി. സുമോദ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) തൃശ്ശൂർ നിയോജക മണ്ഡലത്തിലെ പരുവാശ്ശേരി വലുകുളം നവീകരണം (പ്ലാൻ ഫണ്ട് 80 ലക്ഷം) പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

മറുപടി: തൃശ്ശൂർ നിയോജക മണ്ഡലത്തിലെ വടക്കഞ്ചേരി ഗ്രാമ പഞ്ചായത്തിലെ പരുവാശ്ശേരി വലുകുളം നവീകരണത്തിന് 15.06.2026 ന് എഗ്രിമെന്റ് വയ്ക്കുകയും 25.06.2026 ന് പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പൂർത്തീകരണ കാലാവധി 24.06.2027 (1 വർഷം) വരെയാണ്. നിലവിൽ കുളത്തിൽ വെള്ളം നിറഞ്ഞിരിക്കുന്നതിനാൽ, ജലനിരപ്പ് കുറയുന്ന മുറക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ